# കുടുംബശ്രീ മിഷൻ , ഇടുക്കി

## ഇടുക്കി ബ്ലോക്ക്

**കോവിഡ് പ്രവർത്തനങ്ങൾ - അറക്കുളം CDS**

## കൊറോണ കാലത്തേ പ്രവർത്തനങ്ങൾ- അറക്കുളം കുടുംബശ്രീ

മനുഷ്യരാശി ഇന്നേ വരെ കാണാത്ത തരത്തിലുള്ള ദുരിത പൂർണമായ ഒരു സഹചര്യത്തിലൂടെയാണ് കടന്നു പോകുന്നത്. COVID 19 അഥവാ Corona Virus Disease . 2019 ൽ ചൈനയിലെ വുഹാൻ പ്രവിശ്യയിൽ രൂപം കൊണ്ട ഈ വൈറസ് ഇന്ന് ലോകത്തിലെ എല്ലാ രാജ്യങ്ങളെയും ഭീതിയിലാഴിത്തിയിരിക്കുകയാണ്. കൃത്യമായ ഒരു മരുന്നോ vaccination ഓ ഇത് വരയും കണ്ടെത്തിയിട്ടില്ലാത്ത ഈ മഹാവ്യതിക്കെതിരെ ഒരു ഐതിഹാസിക ചെറുത്തു നിൽപ്പിൽ ആണ് നാം എല്ലാവരും. ലോകത്തു ഇതേ വരെ 53 ലക്ഷത്തിലധികം പേരെ ബാധിച്ച ഈ രോഗം 3.5 ലക്ഷത്തിലധികം പേരുടെ ജീവൻ അപഹരിച്ചു. ഇന്ത്യയിൽ 1.25 ലക്ഷത്തിൽ അധികം പേരിൽ ഈ രോഗം ബാധിക്കുകയും 3800 ഓളം പേര് മരിക്കുകയും ചെയ്തു. Covid 19 നെ ഏറ്റവും ഫലപ്രധമായി നേരിടുന്നതിൽ ലോകപ്രശംസ നേടിയ നമ്മുടെ കേരളത്തിൽ ഇതേവരെ 700ൽ അധികം പേരിൽ ഈ രോഗം സ്ഥിതീകരിച്ചിരുന്നു.4 പേരാണ് കേരളത്തിൽ മരണപ്പെട്ടത്.

സാമൂഹ്യ വ്യാപനം തടയുക എന്നതാണ് ഈ രോഗത്തിന്റെ വ്യാപ്തി കുറക്കാൻ ഉള്ള ഏക മാർഗം. അതിനായി രാജ്യം മാർച്ച് 24 നും കേരളം ഒരു ദിവസം മുൻപേ മാർച്ച് 23 നും സമ്പൂർണ ലോക് ഡൌൺ പ്രഖ്യാപിച്ചു. രോഗവ്യാപനം കുറക്കുവാനും സാമൂഹ്യ വ്യാപനം എന്ന മഹാ വിപത്തിനെ ഒഴിവാക്കാനും സർക്കാർ പ്രഖ്യാപിച്ച ഈ സമ്പൂർണ ലോക്കഡൌൺ ജനജീവിതത്തെ ബാധിക്കും എന്നുള്ളതിനാൽ ജനങ്ങളെ സഹായിക്കുവാനും അവരുടെ പ്രശ്നങ്ങൾക്ക് ഒരു കൈത്താങ് ആകുവാനും സർക്കാർ നിരവധി പാസിക്കേജുകളും പദ്ധതികളും ജനജീവിതത്തെ കോവിഡിൽ നിന്നും രക്ഷിക്കാൻ ധാരാളം മുൻകരുതലുകളും എടുക്കുക ഉണ്ടായി . ഇത് സാധാരണക്കാരിൽ എത്തിക്കുവാൻ നിർണായകമായ പങ്കു വഹിച്ച സ്ഥാപനമാണ് കുടുംബശ്രീ മിഷൻ. കേരത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീകൾ ഈ ദൗത്യം വളരെ നല്ല രീതിയിൽ ആണ് ചെയ്തു വന്നത്.

# അറക്കുളം കുടുംബശ്രീ

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്കിൽ തൊടുപുഴ താലൂക്കിൽ ഉൾപ്പെടുന്ന പഞ്ചായത്ത് ആണ് അറക്കുളം പഞ്ചായത്ത്. മലകളാൽ ചുറ്റപ്പെട്ടതും പ്രകൃതി രമാണീയവുമായ പഞ്ചായത്താണ് അറക്കുളം പഞ്ചായത്ത്. 4 വില്ലേജുകൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. കാർഷികവൃത്തി ആണ് ഇവിടുത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗം . ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ മൂലമറ്റം പവർ സ്റ്റേഷനും കുളമാവ് ഡാമും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. 2002 ൽ ആണ് ഇവിടെ കുടുംബശ്രീ CDS പഞ്ചായത്തിൽ രൂപികൃതമാകുന്നത്. നിലവിൽ 15 ADS കളിലായി222 അയൽക്കൂട്ടങ്ങൾ ഈ cds നു കീഴിൽ പ്രവർത്തിക്കുന്നു. നിലവിൽ സുബി ജോമോൻ ചെയര്പേഴ്സൻ മേരിക്കുട്ടി ജോൺസൻ വൈസ് ചെയർപേഴ്സൺ ആണ്. കുടുംബശ്രീ മിഷനിൽ നിന്നും സർക്കാരിൽ നിന്നും എല്ലാം ലഭിക്കുന്ന എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിച്ചു മുന്നോട്ടു പോകുന്ന ഒരു cds ആണ് അറക്കുളം cds.

## Whatsapp Group രൂപീകരണം

കോവിഡ് കാലത്തേ പ്രവർത്തനങ്ങളുടെ ഭാഗമായി അറക്കുളം CDS കുടുംബശ്രീ ജില്ലമിഷൻ ഇടുക്കി, യുടെ നിർദ്ദേശ പ്രകാരം വാർഡ് മെംബേർസ്, cds മെംബേർസ്, കുടുംബശ്രീ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു whatsapp group രൂപീകരിച്ചു. ഗവണ്മെന്റ് തലത്തിലും കുടുംബശ്രീ തലത്തിലും നൽകുന്ന വിവരങ്ങളും അറിയിപ്പുകളും എല്ലാ ആളുകളിലും എത്തിക്കാൻ ഈ whatsapp group മുഖേന സാധിച്ചു. ഇതിലൂടെ അവരിൽ ഉണ്ടായിരുന്ന ആശങ്കകളും അകറ്റാൻ സാധിച്ചു.

## Community Kitchen

സംസ്ഥാനത്തു സമ്പൂർണ ലോക്ക് ഡൌൺ പ്രഖ്യാപിച്ചതോടെ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ പറ്റാത്ത ആളുകൾ, പ്രായമായതിനാൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും അസുഖ ബാധിതർ ആയതിനാൽ പാകം ചെയ്ത് കഴിക്കാൻ പറ്റാത്ത ആളുകളെ ഇവർക്ക് ഭക്ഷണം ലഭ്യമാക്കനും കേരളത്തിലെ ആരും പട്ടിണി ആകരുത് എന്ന ആശയം മുൻനിർത്തി സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ആവശ്യപ്പെട്ട കമ്മ്യൂണിറ്റി കിച്ചൻ പഞ്ചായത്തിന്റെ സഹകരണത്തോടെ അറക്കുളം കുടുംബശ്രീ 31-3-2020 ൽ പ്രവർത്തനം ആരംഭിച്ചു. അറക്കുളം cds ചെയർപേഴ്സൺ ശ്രീമതി സുബി ജോമോന്റെ

യൂണിറ്റ് ആയ സാഫല്യം ആണ് കമ്മ്യൂണിറ്റി കിച്ചന്റെ ചുമലത ഏറ്റെടുത്തത്. കമ്മ്യൂണിറ്റി കിച്ചൻ മുഖാന്തരം ദിവസേന 40ഓളം ആളുകൾക്ക് 20 രൂപ നിരക്കിൽ ഭക്ഷണം എത്തിക്കാൻ കുടുംബശ്രീക്ക് സാധിച്ചു. നിർധനരായ ആളുകൾക്ക് സൗജന്യമായും ഭക്ഷണം എത്തിച്ചു നൽകി. കൂടാതെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 6 കുടുംബത്തിനും സൗജന്യമായി ഭക്ഷണം എത്തിക്കാൻ കുടുംബശ്രീക്ക് സാധിച്ചു. കമ്മ്യൂണിറ്റി കിച്ചന് വേണ്ടി ഇടുക്കി MP ശ്രീ ഡീൻ കുര്യാക്കോസും ഇടുക്കി MLA ശ്രീ റോഷി അഗസ്റ്റിനും അരിയും പാലവയ്ഞ്ചനകളും നൽകി സഹായിച്ചു. കൂടാതെ അറക്കുളം ചെയർപേഴ്സൺ സുബി ജോമോൻ, 12ആം വാർഡ് cds മെമ്പർ ശ്രീമതി രാജേശ്വരി രാജു തുടങ്ങിയവർ കമ്മ്യൂണിറ്റി കിച്ചനിലേക്ക് അരിയും പച്ചക്കറികളും സംഭാവന ചെയ്തു.



***ഇടുക്കി MLA റോഷി അഗസ്റ്റിൻ കമ്മ്യൂണിറ്റി കിച്ചൻ സന്ദർദിക്കുന്നു**

## അഗതി രഹിത കേരളം - Elderly Care

കോവിഡ് കാലത്തു ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന വിഭാഗം ആളുകൾ ആണ് അഗതികൾ . അഗതികളുടെ ക്ഷേമം അന്വേഷിക്കുന്നതിനായി സംസ്ഥാന മിഷന്റെ നിർദേശ പ്രകാരം 1 മാസത്തിൽ 4 തവണ അവരെ ഫോണിലോടെ ബന്ധപ്പെടുകയും , അതിനെ തുടർന്ന് 3 കുടുംബങ്ങൾക്ക് കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണവും 2 പേർക്ക് ആശാ വർക്കേഴ്സ് മുഖേന മരുന്നും എത്തിച്ചു നൽകി. കൂടാതെ ഈ കാലയളവിൽ ഉള്ള അഗതി കിറ്റുകൾ പഞ്ചായത്തിന്റെ വാഹനത്തിലും വാർഡ്, cds മെംബേർസ് വഴിയും നേരിട്ട് എത്തിച്ചു നൽകുകയും ചെയ്തു.



*** അഗതി കുടുംബത്തിനുള്ള കിറ്റ് വാർഡ് , CDS മെമ്പർമാർ അവരുടെ വീട്ടിൽ എത്തിച്ചു നൽകുന്നു.**

## CMHLS - മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി.

Covid 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്തു ഏർപ്പെടുത്തിയ ലോക്ഡോണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തന്മൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്തു മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട പദ്ധതിയാണ് "മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി". അറക്കുളം CDS ലെ 153 അയൽകൂട്ടങ്ങളിൽ നിന്നും 1512 അപേക്ഷകൾ ആണ് ലഭിച്ചിട്ടുള്ളത്. ഈ അപേക്ഷകൾ 6 ബാങ്കുകളിൽ ആയി തുടർ നടപടികൾക്ക് നൽകിയിട്ടുണ്ട്.

## Mask - Cloth bag നിർമാണം

അറക്കുളം cds ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ശ്രീവിനായക 1, ശ്രീ വിനായക 2 എന്നീ ST തയ്യൽ cloth bag യൂണിറ്റുകൾ ആണ് പ്രധാനമായും മാസ്ക് , cloth bag നിർമാണങ്ങൾ നടത്തി വരുന്നത്. മിനി സുബ്രഹ്മണ്യം സുഗന്തി ഷിബു എന്നിവർ ആണ് ഈ യൂണിറ്റിന് നേതൃത്വം നൽകുന്നത്. ഇവർ 4000 ഓളം മസ്കുകളും 1560 cloth bag ഉം നിർമിച്ചു വിതരണം നടത്തി. കൂടാതെ CDS ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന മറ്റ് യൂണിറ്റുകളും മാസ്കുകൾ നിർമിച്ചു അയാൽകൂട്ട അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

## അടുക്കള തോട്ടം

ലോക്ക് ഡൌൺ കാലത്തു നമ്മൾ നേരിടാൻ പോകുന്ന പ്രധാന പ്രശ്നമായ പച്ചക്കറികളുടെ ക്ഷാമം പരിഹരിക്കാനായി നടപ്പിലാക്കിയതാണ് അടുക്കളത്തോട്ടം challenge . സ്വന്തം വീട്ടിലെ ആവിശ്യങ്ങൾക്ക് സ്വന്തം പച്ചക്കറി എന്ന ലക്ഷ്യത്തോടെ ആണ് പദ്ധതി കൊണ്ട് വന്നത്. അറക്കുളം കുടുംബശ്രീ പ്രവർത്തകർ ഈ ചലഞ്ചിൽ വലിയ രീതിയിൽ തന്നെ പങ്കെടുത്തു.



## .കിറ്റ് വിതരണം

ലോക്ക് ഡൌൺ കാലത്തേ കൃഷി പ്രോത്സാഹിപ്പിക്കാൻ VFPCK യുമായി ചേർന്ന് കിറ്റ് വിതരണം നടത്താൻ തീരുമാനിച്ചു. അറക്കുളം പഞ്ചായത്തിൽ 250 രൂപയുടെ 155 കിറ്റും600 രൂപയുടെ 84 കിറ്റും ആണ് വിതരണം നടത്തുന്നത്.

## സ്നേഹിതാ പ്രവർത്തനങ്ങൾ

അറക്കുളം പഞ്ചായത്തിൽ 66 കോളിംഗ് ബെൽ അംഗങ്ങൾ ആണ് ഉള്ളത് ഇവരുടെ ആരോഗ്യ സ്ഥിതിയും സാമൂഹിക ചുറ്റുപാടും സ്നേഹിതാ കമ്മ്യൂണിറ്റി കൗൺസിലർ ശ്രീമതി പ്രിൻസി ജോണിന്റെ നേതൃത്വത്തിൽ അന്വേഷിച്ചു. അതിൽ തന്നെ വയോജനങ്ങളായ 26 പേരെ ദിവസവും വിളിക്കുകയും അവർ ഒറ്റയ്ക്കല്ല എന്ന തോന്നൽ ഉണ്ടാക്കാനും സാധിച്ചു. Covid19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവാസികളുടെയും അന്യ സംസ്ഥാനത്തു നിന്നുള്ള മലയാളികളുടെ തിരിച്ചു വരവും കണക്കിലെടുത്തു നടത്തേണ്ട

ക്രമീകരണങ്ങളെ കുറിച്ച് അറക്കുളം PHCയിൽ വച്ച് നടന്ന പരശീലനത്തിൽ പങ്കാളിയാവുകയും 4 രാത്രികളിൽ കോവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പും മേൽനോട്ടം വഹിക്കുകയും ചെയ്തു. ഓരോ വാർഡിൽ നിന്നും 5 പേര് അടങ്ങുന്ന അറക്കുളം സന്നദ്ധ സേന എന്ന വിജിലെന്റ് ഗ്രൂപ്പ് രൂപീകരിക്കുകയും പഞ്ചായത്തിലെ സാനിറ്റൈസേഷൻ കമ്മിറ്റിയിൽ പങ്കെടുക്കുകയും ചെയ്തു. കൊറോണ കാലത്തു പ്രശ്നങ്ങൾ അനുഭവിക്കുന്ന 5 കേസുകൾ സ്നേഹിതയിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്ത



*PHC പരശീലനം

## മറ്റു പ്രവർത്തനങ്ങൾ

- സംസ്ഥാന സർക്കാർ പൊതു വിതരണ സ്ഥാപങ്ങളിലൂടെ വിതരണം ചെയ്ത 1000 രൂപയുടെ കിറ്റ് പായ്ക്ക് ചെയ്യാൻ അറക്കുളം കുടുംബശ്രീ പ്രവർത്തകർ സഹായിച്ചു.
- ബാലസഭ ജില്ലാ തലത്തിൽ നടത്തിയ ജൂനിയർ അരങ്ങു മത്സരത്തിൽ CDS ലെ ബാലസഭ കുട്ടികളുടെ മികച്ച പങ്കാളിത്തം ഉണ്ടായിരുന്നു.

## തയ്യാറാക്കിയത്

പ്രവീൺ സി വി

BC 1 POST 2

ഇടുക്കി ബ്ലോക്ക്